എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ഇൻക്രിമെൻറ് തടഞ്ഞുവച്ചതായ പരാതി

493 [538] ശ്രീ. കെ.വി: സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:
ശ്രീ. കെ.ഇ. ഇസ്മയിൽ:
,, എം.കെ. കേശവൻ:
,, കെ.പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരിൽ ആർക്കെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി യാതൊരു കാരണവും കാണിക്കാതെ ഇൻക്രിമെൻറ് തടഞ്ഞുവച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ആരുടെയും ഇൻക്രിമെൻറ്, ശിക്ഷണ നടപടിയായി തടഞ്ഞുവച്ചിട്ടില്ല. എന്നാൽ എൻസൈക്ലോപീഡിയാ ജനറൽ ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ 10 പേർക്ക് ഇൻക്രിമെൻറ് അനുവദിച്ചുകൊടുത്തിട്ടില്ല. ഈ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ടതു ഭരണസമിതിയാണ്. ഭരണസമിതി യോഗത്തിൽ ഇക്കാര്യം പരിഗണിച്ച് തീരുമാനം എടുക്കുന്നതാണ്. കൂടാതെ ഇപ്പോൾ പ്രൊബേഷൻ ബാധകമല്ലാത്ത ഒരു ജീവനക്കാരൻറെ, ജോലി നിർവ്വഹിക്കുന്നില്ല എന്ന കാരണത്താൽ, ഭരണസമിതിയുടെ തീരുമാനമനുസരിച്ചും കെ.എസ്.ആർ. ഒന്നാം ഭാഗം റൂൾ 31, നോട്ട് 2-ൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ചും ഇൻക്രിമെൻറ് അനുവദിക്കാതിരുന്നിട്ടുണ്ട്. ഇത് ഒരു ശിക്ഷണ നടപടിയല്ല.

അംഗനവാടി പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവ്

494 [540] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗനവാടി പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവ് മുഴുവനും വഹിക്കുന്നത് കേന്ദ്ര സർക്കാരാണോ;

(ബി) അല്ലെങ്കിൽ ചെലവിൻറെ എത്ര ശതമാനം കേന്ദ്ര സർക്കാർ വഹിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) 1985-86 വർഷത്തിൽ അംഗനവാടി പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്രം അനുവദിച്ച തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അല്ല.

(ബി) കേന്ദ്ര മേഖലാ പ്രോജക്ടുകളിലെ അംഗനവാടികളിലെ വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഹോണറേറിയം, അംഗനവാടി കെട്ടിടങ്ങളുടെ വാടക എന്നിവ കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്. കേന്ദ്ര സംസ്ഥാന മേഖലാ പ്രോജക്ടുകളിലെ എല്ലാ അംഗനവാടി പ്രവർത്തകരുടേയും പരിശീലനച്ചെലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. പ്രോജക്ടുകളിലെ അനുപൂരക പോഷകാഹാരത്തിന് വേണ്ടി വരുന്ന ചെലവും സംസ്ഥാന–മേഖലാ പ്രോജക്ടുകളുടെ പ്രവർത്തനത്തിന് വേണ്ടി വരുന്ന തുകയും സംസ്ഥാന സർക്കാരാണ് ചെലവാക്കുന്നത്.

(സി) 1985–86 സാമ്പത്തിക വർഷത്തിൽ കേന്ദ്ര മേഖലയിലുള്ള പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്കായി 2,15,07,000 രൂപയും അംഗനവാടി പ്രവർത്തകരുടെ പരിശീലനത്തിനായി 27,33,600 രൂപയും കേന്ദ്രം നൽകിയിട്ടുണ്ട്.

II ശ്രദ്ധ ക്ഷണിക്കൽ

(1) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിക്ക് ധനസഹായം നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. സി.ടി. കൃഷ്ണൻ: സർ, സന്നദ്ധസംഘടനകൾ മുഖേന നിർമ്മിക്കുന്ന നമ്മുടെ സംസ്ഥാനത്തെ പുനരധിവാസ പദ്ധതിയനുസരിച്ചുള്ള പതിനായിരക്കണക്കിന് വീടുകളുടെ ശോചനീയാവസ്ഥയിലേയ്ക്കാണ് ഞാൻ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇവിടെ കൊട്ടിഘോഷിച്ചു കൊണ്ടാണ് സന്നദ്ധസംഘടനകളുടെ വീടുനിർമ്മാണത്തെക്കുറിച്ച് മന്ത്രിയും ഗവൺമെൻറും പ്രചാരവേലകൾ നടത്തുന്നത്. ആയിരക്കണക്കിനല്ല പതിനായിരക്കണക്കിനു വീടുകളുടെ പണി പൂർത്തിയാകാതെ പ്രവർത്തനം സ്തംഭിച്ചുനിൽക്കുന്ന ഒരു ദയനീയാവസ്ഥയാണ് ഇപ്പോഴുള്ളത്. 6,000 രൂപയുടെ വീടുകളാണ് നിർമ്മിക്കുന്നത്. മൂന്നു ഗഡുക്കളായിട്ടാണ് പണം നൽകുന്നത്. 1,500, 2,500, 2,000 രൂപ എന്നീക്രമത്തിലാണ് രൂപ നൽകുന്നത്. ആ പൈസ തക്കസമയത്ത് കൊടുക്കുന്നില്ല. മന്ത്രി പറഞ്ഞ കണക്കനുസരിച്ച് നോക്കിയാൽ ആയിരക്കണക്കിന് ആളുകൾക്ക് സംഖ്യ കൊടുക്കാൻ ബാക്കിയുണ്ട്. ഇന്ന് പലരും പെരുമഴയത്ത് മരച്ചുവട്ടിലും മറ്റുമായി അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. അയൽവാസികളുടെ വരാന്തകളിലാണ് ഭൂരിപക്ഷം ആളുകളും താമസിക്കുന്നത്. ഭവനനിർമ്മാണ പദ്ധതിക്കുള്ള അംഗീകാരം ലഭിച്ചുവെന്നുള്ളതുകൊണ്ട് വീട് കിട്ടുമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ഉള്ള കൂരകൂടി പൊളിച്ചുമാറ്റി തറപ്പണി ആരംഭിച്ചു. തറപ്പണി ആരംഭിച്ച് സ്റ്റേറേജ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടും രണ്ടാംഗഡു കൊടുക്കുന്നില്ല. 1,500 രൂപകൊണ്ട് ഒരു വീട് പൂർത്തിയാകുകയില്ല. രണ്ടാംഗഡുവും മൂന്നാംഗഡുവും പൂർണ്ണമായി കിട്ടിയെങ്കിൽമാത്രമേ ഈ പണി പൂർത്തിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly